(എ) നടപ്പ് സാമ്പത്തികവർഷം കാഡ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്നറിയിക്കുമോ ;

(ബി) ഈ പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ ;

(സി) അതിൽ 31-01-2000 വരെ ചെലവായ തുക എത്രയെന്ന് വെളിവാക്കുമോ ;

(ഡി) ഇതിലേക്ക് കേന്ദ്രസർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) പഴശ്ശി ജലസേചനപദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി ഈ സാമ്പത്തികവർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

(ബി-ഡി) ഉദിക്കുന്നില്ല.

(ഇ) പഴശ്ശി ജലസേചനപദ്ധതി കഴിഞ്ഞ സാമ്പത്തികവർഷമാണ് കാഡയിൽ ഉൾപ്പെടുത്തിയത്. ഈ സാമ്പത്തികവർഷം പഴശ്ശി ജലസേചന പദ്ധതിക്കായി തുകയൊന്നും ചെലവാക്കിയിട്ടില്ല.

'കാഡ' യുടെ പ്രവർത്തനം

58 (1725) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 മാർച്ച് 31 വരെ കമാൻഡ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പണികളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നടന്ന പണികൾ ഏതെല്ലാമെന്നും അതിന് ചെലവായ തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഇതിൽ എത്ര കോടിരൂപ ഇതിനകം കരാറുകാർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) 1999 ഏപ്രിൽ ഒന്ന് മുതൽ 2000 ഫെബ്രുവരി 15 വരെ പ്രസ്തുത പദ്ധതിയിൽ എത്ര പണികളാണ് ആരംഭിച്ചിട്ടുള്ളത് ; പണികളുടെ പേരും അതിന്റെ എസ്റ്റിമേറ്റ് തുകയും വ്യക്തമാക്കാമോ ;

(ഇ) ഈ വർഷം ആരംഭിച്ച പണികളിൽ എത്രയെണ്ണം ഇതിനകം പൂർത്തീകരിച്ചു ; വിശദാംശം അറിയിക്കുമോ ;

(എഫ്) ഇതിൽ ഏതിനെല്ലാമാണ് പണം നൽകിയത് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ സാമ്പത്തികവർഷം 'കാഡ്' പദ്ധതി പ്രകാരം എത്രകോടി രൂപ ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(എച്ച്) ഈ പദ്ധതി മുഖേന പണികൾ നടത്തുന്നത് ഏത് ഏജൻസിയാണ് ; ഇതിന്റെ ഘടന എപ്രകാരമാണ് ;

(ഐ) ഇതിന് വിരുദ്ധമായി ഏതെങ്കിലും പണി നടന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5,940.56 ലക്ഷം രൂപ.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1	2	3
		തുക ലക്ഷത്തിൽ
1	എസ്റ്റാബ്ലിഷ്മെന്റ്	1471.39
2	വയലിലെ ചാനൽ (ഫീൽഡ് ചാനൽ)	2,253.20
3	മാനേജീരിയൽ സബ്സിഡി (കർഷകർക്ക്)	38.61
4	സർവ്വെ	10.35
5	പാടത്തെ ഓവ് (ഫീൽഡ് ഡ്രെയിൻ)	558.93
6	വാരബന്ധി	131.93
7	ചെറുകിട നാമമാത്ര കർഷകർക്കുള്ള സബ്സിഡി	38.55
8	അനുയോജ്യപരിശീലനം (അഡാപ്റ്റീവ് ട്രയൽ)	32.50
9	പ്രദർശന പരിപാടി	754.92
10	കർഷകർക്കുള്ള പരിശീലനം	14.55
11	ഉദ്യോഗസ്ഥൻമാർക്കുള്ള പരിശീലനം	2.73
12	വിലയിരുത്തൽ പഠനം	1.54
13	വെള്ളക്കെട്ട് നിവാരണം	38.94
14	കൃഷിയിട റോഡുകൾ	592.42

(സി) 26.52 കോടി രൂപ.

(ഡി) 194 പണികളാണ് ആരംഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധം* 1 ആയി ചേർത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 78 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം*2 ആയി ചേർത്തിട്ടുണ്ട്.

(എഫ്) പൂർത്തീകരിച്ച 56 പണികൾക്ക് പണം നൽകിയിട്ടുണ്ട്. പണത്തിന്റെ കുറവുമൂലം പൂർത്തീകരിച്ച ചില ജോലികൾക്ക് ഭാഗികമായേ പണം നൽകുവാൻ സാധിച്ചിട്ടുള്ളു. വിശദാംശങ്ങൾ അനുബന്ധം*3 ആയി ചേർത്തിട്ടുണ്ട്.

(ജി) 22 കോടി രൂപ.

(എച്ച്) കർഷക സമിതികൾ വഴിയാണ് കാഡ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. സ്പൗട്ടുകളുടെ ആയക്കെട്ടിലെ കർഷകരാണ് സമിതിയിലെ അംഗങ്ങൾ. സാധാരണയായി 40 ഹെക്ടറിൽ അധികരിക്കാത്ത ആയക്കെട്ട് പ്രദേശമാണ് ഒരു സമിതിയുടെ പരിധിയിൽ വരുന്നത്. ജനാധിപത്യരീതിയിൽ സമിതി അംഗങ്ങൾ തെരഞ്ഞെടുക്കുന്ന പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ ഏഴ് അംഗങ്ങളാണ് സമിതിയുടെ നടത്തിപ്പിന്റെ ചുമതല വഹിക്കുന്നത്. കർഷക സമിതികൾക്ക് ഏതെങ്കിലും രീതിയിലുള്ള ബുദ്ധിമുട്ടുകൾമൂലം പണികൾ ചെയ്യാൻ സാധിക്കാത്ത അവസ്ഥവരുമ്പോൾ അവർ രേഖാമൂലം ആവശ്യപ്പെട്ടാൽമാത്രം പ്രസ്തുത ജോലികൾ ടെൻഡർ ചെയ്ത് കരാറുകാർ മുഖേന നടത്തുന്നതാണ്.

(ഐ) ഇല്ല.

മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കടൽഭിത്തി നിർമ്മിക്കാനുള്ള പണി

59 (1726) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ 7, 8 എന്നീ വാർഡുകളിൽ കടൽഭിത്തി നിർമ്മിക്കാനുള്ള പണി മൂന്ന് വർഷം കഴിഞ്ഞിട്ടും നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കടൽഭിത്തി കെട്ടണമെന്ന് ആവശ്യപ്പെട്ട സ്ഥലങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലും മൺസൂൺകാലത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടാവുകയും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകൾക്ക് കേടുപാടുകൾ ഉണ്ടാവുകയും അനവധി തെങ്ങുകൾ നഷ്ടപ്പെട്ട വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതിനുവേണ്ടി മൂന്ന് പ്രാവശ്യം ദർഘാസുകൾ ക്ഷണിച്ചെങ്കിലും കരാർ ഏറ്റെടുക്കാൻ കരാറുകാർ ആരും മുന്നോട്ടുവന്നിട്ടില്ല. കൂടാതെ കടൽ ഭിത്തിയുടെ അറ്റകുറ്റപണികൾ ഏറ്റെടുക്കുന്നതിന് തൽക്കാലം നിയന്ത്രണം നിലവിലുള്ളതിനാൽ തുടർനടപടികൾ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly